
# തേയിലത്തോട്ടങ്ങൾ പൂട്ടുന്നു; തൊഴിലാളികൾ ദുരിതത്തിൽ

ടി. സി. രാജേഷ്



▢ പ്രവർത്തനം നിലച്ച എസ്റ്റേറ്റ് ആശുപത്രികളിലൊന്ന്

മലയാളിയുടെ പ്രഭാതങ്ങൾക്കു ഊർജ്ജം പകരുന്ന ചായ അയ്യായിരത്തിലധികം കുടുംബങ്ങളുടെ വെള്ളം കുടി മുട്ടിക്കുകയാണ്. വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം നേടിക്കൊണ്ടിരിക്കുന്ന ഇടുക്കി ജില്ലയിലെ പീരുമേട്, വാഗമൺ മേഖലകളിലെ 15ലധികം തേയിലത്തോട്ടങ്ങൾ പൂട്ടിക്കഴിഞ്ഞു. പൂട്ടി എന്നതല്ല ഉടമകൾ തോട്ടം ഉപേക്ഷിച്ച് നാടുവിട്ടുവെന്നാണ് ഈ പ്രശ്നത്തിന്റെ രൂക്ഷമുഖം. ആനുകൂല്യങ്ങൾ പോയിട്ട് ശമ്പളം പോലും കിട്ടാതെ തൊഴിലാളികളും ജീവനക്കാരും ദുരിതപാതയിലാണിപ്പോൾ.

ലേലകേന്ദ്രങ്ങളിൽ തേയിലയുടെ വിലയിടിഞ്ഞതും ഉല്പാദനച്ചെലവിലുണ്ടായ ഭീമമായ വർധനവുമാണ് തേയിലത്തോട്ടങ്ങളെ രൂക്ഷമായ പ്രതിസന്ധിയിലെത്തിച്ചത്. പീരുമേട് താലൂക്കിലെ ഏഴ് എസ്റ്റേറ്റുകളിലായി 12,000 ഏക്കറിലധികം ഭൂമിയിൽ കൊളുന്തു നുള്ളാതെ തേയിലച്ചെടികൾ കാടു കയറിക്കിടക്കുകയാണ്. ഒരു കിലോ കൊളുന്തിന് ഒൻപതു രൂപ മാത്രമാണ് ഇപ്പോഴത്തെ വില. രണ്ടാഴ്ചക്കൊരിക്കൽ കൊളുന്തെടുക്കാം. സമയത്ത് ഇത് ചെയ്തില്ലെങ്കിൽ കൊളുന്ത് മൂത്ത് ഇലയായി ഉപയോഗശൂന്യമാകും. ഒരു വർഷം മുതൽ ഒരു മാസം വരെ വളർച്ചയെത്തിയ ഒരു ലക്ഷത്തിലധികം രൂപയുടെ കൊളുന്ത് പീരുമേട്ടിലെ തോട്ടങ്ങളിൽ മൂത്ത് നശിച്ചുകഴിഞ്ഞു.

ശേഷം 5-ാം പേജിൽ

# തേയിലത്തോട്ടങ്ങൾ പൂട്ടുന്നു; തൊഴിലാളികൾ ദുരിതത്തിൽ

1-ാം പേജിൽ നിന്ന് തുടർച്ച

ആർ. ബി. ടി, എം. എം. ജെ, എ. വി. ജി, എച്ച്. എം. എൽ തുടങ്ങിയ പ്രമുഖ കമ്പനികളുടെയെല്ലാം തോട്ടങ്ങളിൽ തേയില ഉല്പാദനം നിർത്തിവെച്ചിരിക്കുകയാണ്.

ലോൺടി, ചീന്തലാർ തോട്ടങ്ങൾ ഉടമകൾ ഉപേക്ഷിച്ചുപോയിട്ട് രണ്ട് വർഷത്തിലധികമായി. പ്രതിസന്ധിയിലും പിടിച്ചു നിന്ന മറ്റു തോട്ടങ്ങൾ നിവൃത്തിയില്ലാതെ കൃഷിയും തേയില സംസ്കരണവും ഒരു മാസം മുമ്പ് അവസാനിപ്പിക്കുകയായിരുന്നു.

ഇത് 5000-ൽ അധികം തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിലാക്കിയിരിക്കുകയാണ്. ചുരുക്കം ചില തോട്ടങ്ങളിലൊഴികെ മറ്റൊരിടത്തും മാസശമ്പളം പോലും നൽകുന്നില്ല.

ആർ. ബി. ടി. കമ്പനിയുടെ ജീവനക്കാർക്ക് വിരമിക്കുമ്പോൾ നൽകേണ്ട ഗ്രാറ്റുവിറ്റി കുടിശ്ശിക ഇപ്പോൾ 15 കോടിയിലധികം രൂപയാണ്. 1996നു ശേഷം ഇവിടെ പെൻഷൻ ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. പി. എഫ് ഇനത്തിലും 11 കോടിയിലധികം രൂപയാണ് കുടിശ്ശിക. മറ്റ് പല എസ്റ്റേറ്റുകളിലും സ്ഥിതി ഇതൊക്കെ തന്നെയാണ്. കൃത്യമായി പണമടയ്ക്കാത്തതിനെ തുടർന്ന് തൊഴിലാളികളുടെ എൽ. ഐ. സി പോളിസികളും മുടങ്ങിക്കിടക്കുകയാണ്.

ഉടമകൾ തോട്ടം ഉപേക്ഷിച്ചുപോയതിനെ തുടർന്ന് ബോണാമി, പുളിക്കാനം, വാഗമൺ, കോലാഹമേട്, ലോൺടി, ചീന്തലാർ എസ്റ്റേറ്റുകളിലെ തൊഴിലാളി കുടുംബങ്ങൾ നിത്യവൃത്തിക്കു വകയില്ലാതെ ക്ലേശിക്കുന്നു. ഒരു വർഷമായി ശമ്പളം ലഭിക്കാത്ത തൊഴിലാളികളുടെ ഏക ആശ്രയം ആഴ്ചാവസാനം ലഭിക്കുന്ന ചെലവുകാശായ 210 രൂപയായിരുന്നു. ഇപ്പോൾ ഇതും ഇല്ലാതായി. തൊഴിലാളികളുടെ മക്കളുടെ പഠനം മുടങ്ങി, വൈദ്യസഹായം മുടങ്ങി, കാടുകയറി കുടുംബങ്ങൾ പലതും മുടിഞ്ഞു. വാഗമണ്ണിൽ ചുടല എന്ന തൊഴിലാളി കഴിഞ്ഞ ആഴ്ച ആത്മഹത്യ ചെയ്തു. പല തൊഴിലാളി കുടുംബങ്ങളും ഇപ്പോൾ ആത്മഹത്യയുടെ വക്കിലാണ്.

എസ്റ്റേറ്റുകളിൽ നേരത്തെ തൊഴിലാളികൾക്കു കിട്ടിയിരുന്ന ചികിത്സാ സൗകര്യവും നിലച്ചു. ശമ്പളം കിട്ടാതായതോടെ ജീവനക്കാർ പിരിഞ്ഞുപോകുകയും ആശുപത്രികൾ കാടുകയറി നശിക്കുകയും ചെയ്യുന്നു.

എസ്റ്റേറ്റ് ജീവനക്കാരുടെ സ്ഥിതിയും ഇതുതന്നെയാണ്. തൊഴിലാളികൾക്കു ചിലയിടത്തു കിട്ടുന്നതു പോലെ ഇവർക്കു ചെലവുകാശുപോലും കിട്ടുന്നില്ല. പീരുമേട് താലൂക്കിലെ 40 എസ്റ്റേറ്റുകളിലായി ആയിരത്തോളം ജീവനക്കാരുണ്ട്. ഇവയിൽ പകുതിയിലധികം തോട്ടങ്ങളിലും നാല് മാസം മുതൽ മൂന്നു വർഷം വരെ ശമ്പളക്കുടിശ്ശികയുണ്ട്. തൊഴിലാളികളേക്കാൾ ഉയർന്ന ഗ്രേഡിലുള്ള ജീവനക്കാർ പട്ടിണിയുടെ കാര്യത്തിൽ ഇപ്പോൾ തൊഴിലാളികൾക്കൊപ്പമാണ്. പല ജീവനക്കാരും ജന്മനാടുകളിൽ പോയി ജോലി അന്വേഷിക്കുന്നുണ്ടെങ്കിലും പ്രയോജനപ്പെടുന്നില്ല. പട്ടിണിയകറ്റാൻ തൊഴിലാളികൾ പുറത്തു ജോലിക്കു പോകുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥർക്ക് അതിനും കഴിയുന്നില്ല.

ഏകദേശം അമ്പതിനായിരത്തിലധികം മനുഷ്യരാണ് വിവിധ തോട്ടങ്ങളിലിപ്പോൾ പട്ടിണിയോടും രോഗത്തോടും മല്ലടിക്കുന്നത്. സർക്കാർ പക്ഷത്തു നിന്ന് ഇവർക്കനുകൂലമായ യാതൊരു നീക്കവും ഇതുവരെ നടന്നിട്ടില്ല. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തെങ്കിലും തൊഴിലാളിയുടെ പൊരിയുന്ന വയറിനത് ആശ്വാസമാകുന്നില്ല. സ്ഥലം എം. എൽ. എ ഇ.എം. ആഗസ്തി ഇതുവരെ ഈ തോട്ടങ്ങൾ സന്ദർശിക്കാൻ മെനക്കെട്ടിട്ടുപോലുമില്ല. തോട്ടങ്ങളിലെ പ്രതിസന്ധി റിപ്പോർട്ടു ചെയ്യാൻ ചെന്ന പല മാധ്യമ പ്രതിനിധികൾക്കും മുമ്പിൽ എസ്റ്റേറ്റു ലയങ്ങളിലെ നരകജീവിതങ്ങൾ പൊട്ടിക്കരയുകയായിരുന്നു. അവരുടെ കഷ്ടത കണ്ട് സ്വന്തം പോക്കറ്റിൽ നിന്ന് പണം നൽകി സഹായിക്കേണ്ടിവന്നു പല പത്രപ്രതിനിധികൾക്കും. രാഷ്ട്രീയക്കാരെപ്പോലെ കണ്ണിൽ ചോരയില്ലാത്തവരാകാൻ അവർക്കാവില്ലല്ലോ.

ചലച്ചിത്രങ്ങളിലും പരസ്യചിത്രങ്ങളിലും പ്രകൃതി സൗന്ദര്യത്തിന്റെ നിറകുടമായി നിരയൊത്തു നിൽക്കുന്ന തേയിലത്തോട്ടങ്ങൾ അവയുടെ പരിപാലകരുടെ ശവപ്പറമ്പായി മാറാൻ ഇനി എത്ര കാലം കൂടി?

